**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1985** **29-07-2021 - ൽ മറുപടിയ്ക്ക്**

**സഹകരണ നിയമത്തിന്റെ സമഗ്ര പരിഷ്കരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ ഒ . ആർ. കേളു,<br>ശ്രീമതി യു പ്രതിഭ ,<br>ശ്രീ. എം.വിജിൻ,<br>ഡോ സുജിത് വിജയൻപിള്ള | | Shri. V. N. Vasavan<br>(സഹകരണ- രജിസ്ട്രേഷൻ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് നിലവിലുള്ള സഹകരണ നിയമം സമഗ്രമായി പരിഷ്കരിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; | (എ) | സംസ്ഥാനത്ത് നിലവിലുള്ള സഹകരണ നിയമം സമഗ്രമായി പരിഷ്കരിക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചു വരികയാണ്. |
| (ബി) | ഇതിനായി അഡീഷണൽ അഡ്വക്കേറ്റ് ജനറലിന്റെ നേതൃത്വത്തിൽ തയ്യാറാക്കിയ കരട് റിപ്പോർട്ട് സർക്കാരിന് കൈമാറിയിട്ടുണ്ടോ; എങ്കിൽ അതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കുമോ ; | (ബി) | കമ്മിറ്റി അംഗങ്ങളിൽ നിന്നും വകുപ്പിൽ നിന്നും ലഭ്യമായി ഭേദഗതി നിർദ്ദേശങ്ങൾ കമ്മിറ്റി സിറ്റിംഗിൽ ചർച്ചചെയ്ത് ആയതിൽ പ്രകാരം കരട് ഭേദഗതി നിർദ്ദേശം തയ്യാറാക്കി വരുന്നു. |
| (സി) | പുതിയ മേഖലകളിൽ വ്യത്യസ്തങ്ങളായ സഹകരണ സംഘങ്ങൾ രൂപീകരിക്കുമ്പോൾ നിലവിലുള്ള സഹകരണ സംഘങ്ങൾ പ്രതികൂല സാഹചര്യത്തെ അതിജീവിക്കാൻ കഴിയാതെ നിലച്ചു പോകാതിരിക്കാൻ പ്രത്യേക പാക്കേജ് നടപ്പാക്കുമോ; | (സി) | ഈ വിഷയത്തിൽ പ്രത്യേക പരിശോധന നടത്തുന്നതാണ്. |
| (ഡി) | നിലവിലുള്ള വനിത-പട്ടികജാതി-പട്ടികവർഗ്ഗ സഹകരണ സംഘങ്ങൾ നവീകരിക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുമോ? | (ഡി) | വനിത സഹകരണ സംഘം വനിത സഹകരണ സംഘങ്ങൾക്ക് വിവിധ വികസനപ്രവർത്തനങ്ങൾ നടത്തുന്നതിന് ഓഹരി ശീർഷകത്തിൽ പരാമവധി 2 ലക്ഷം രൂപയും പ്രവർത്തന മൂലധനഗ്രാന്റിനത്തിൽ സബ്സിഡിയായി പരമാവധി 5 ലക്ഷം രൂപയും, വിവിധ വികസനപ്രവർത്തനങ്ങൾ നടപ്പിലാക്കുന്നതിന് വനിത സഹകരണ സംഘങ്ങൾ സമർപ്പിക്കുന്ന പദ്ധതികളുടെ അടിസ്ഥാനത്തിൽ പരമാവധി 20 ലക്ഷം രൂപയും (ഓഹരി-8 ലക്ഷം, സബ്സിഡി-12 ലക്ഷം) സർക്കാർ ധനസഹായം അനുവദിച്ച് വരുന്നു. ടി പ്രവർത്തനങ്ങൾക്കായി 2021-22 വാർഷികപദ്ധതിയിൽ ഓഹരി ശീർഷകത്തിൽ 150 ലക്ഷം രൂപയും സബ്സിഡി ശീർഷകത്തിൽ 150 ലക്ഷം രൂപയും വകയിരുത്തിയിട്ടുണ്ട്. പട്ടികജാതി പട്ടികവർഗ്ഗ സഹകരണ സംഘം 1. പട്ടികജാതി പട്ടികവർഗ്ഗ സഹകരണ സംഘങ്ങളിലെ ജീവനക്കാർക്ക് ശമ്പളം നൽകുന്നതിന് ഒരു |

| | | | | |
|---|---|---|---|---|
| | | | | സംഘത്തിന് പ്രതിമാസം 10,000/- രൂപ നിരക്കിൽ ആദ്യത്തെ അഞ്ചു വർഷവും ടി അഞ്ചു വർഷക്കാലയളവിനുള്ളിൽ സംഘം ലാഭകരമാകുന്ന പക്ഷം അത്തരം സംഘങ്ങൾക്ക് പ്രതിമാസം 15,000/- രൂപ നിരക്കിൽ തുടർന്നുള്ള മൂന്ന് വർഷവും മാനേജീരിയൽ സബ്സിഡി അനുവദിച്ചുവരുന്നു. 2. സംഘം പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന് പ്രവർത്തന മൂലധന ഗ്രാന്റായി പരമാവധി 5 ലക്ഷം രൂപ (സബ്സിഡിയിനത്തിൽ) അനുവദിച്ചുവരുന്നു. 3. സംഘങ്ങളുടെ ആഫീസ് കെട്ടിടം പുനരുദ്ധരിക്കുന്നതിന് കെട്ടിട പുനരുദ്ധാരണ ഗ്രാന്റായി 5 ലക്ഷം രൂപ (സബ്സിഡിയിനത്തിൽ) അനുവദിച്ചുവരുന്നു. 4. സംഘങ്ങൾക്ക് സർക്കാർ ഓഹരിമൂലധനമായി പരമാവധി 4 ലക്ഷം രൂപയും അനുവദിച്ചുവരുന്നു. 5. വിവിധ പ്രോജക്ടുകൾ നടപ്പിലാക്കി ടി സംഘങ്ങളെ പുനരുദ്ധരിക്കുന്നതിന് പുനരുദ്ധാരണ പദ്ധതി പ്രകാരം പരമാവധി 20 ലക്ഷം രൂപയും അനുവദിച്ചുവരുന്നു. 6.പട്ടികജാതി പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട യുവജനങ്ങൾക്ക് തൊഴിലധിഷ്ഠിത പരിശീലനം നൽകുന്നതിന് സംഘങ്ങളിൽ കമ്പ്യൂട്ടർ പരിശീലന കോഴ്സുകൾ ആരംഭിക്കുന്നതിന് 5 ലക്ഷം രൂപയും അനുവദിച്ചുവരുന്നു. 7. നൂതന പദ്ധതികൾ നടപ്പിലാക്കി സംഘത്തിലെ കൂടുതൽ അംഗങ്ങൾക്ക് തൊഴിൽ ലഭ്യമാക്കുന്നതിന് സ്പെഷ്യൽ റിവൈവൽ സ്കീം പ്രകാരവും 40 ലക്ഷം രൂപയും അനുവദിച്ചുവരുന്നു. 8. കൂടാതെ ടി സംഘങ്ങളെ ശരിയായ രീതിയിൽ പ്രവർത്തിപ്പിച്ച് അവയെ ലാഭകരമാക്കിത്തീർക്കുകയെന്ന ലക്ഷ്യത്തോടെ ലാഭത്തിൽ പ്രവർത്തിക്കുന്ന സംഘങ്ങൾക്ക് പരമാവധി 50 ലക്ഷം രൂപയും അനുവദിക്കുന്നതിനുള്ള നടപടിയും സ്വീകരിച്ചുവരുന്നു. 2021-22 വാർഷികപദ്ധതിയിൽ മേൽ പദ്ധതികൾ നടപ്പിലാക്കുന്നതിനായി സബ്സിഡി ശീർഷകത്തിൽ 1160 ലക്ഷം രൂപയും ഓഹരി ശീർഷകത്തിൽ 240 ലക്ഷം രൂപയും വകയിരുത്തിയിട്ടുണ്ട്. കൂടാതെ പട്ടികജാതി – പട്ടിക വർഗ്ഗ സഹകരണ സംഘങ്ങളുടെ സമഗ്രമായ പുനരുദ്ധാരണത്തിനായി 'പുനർജ്ജനി' പദ്ധതി നടപ്പാക്കുന്നതിനു നടപടി സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ